# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# കീഴരിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി.10/1497/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴരിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി.10/1497/23 തീയ്യതി: 08/11/2023

## കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-12-2022 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ , കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 05-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-09-2023 | 05-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.രബിത.ടി.പി ,ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീജിത് കെ.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ ,
ശ്രീമതി. വിനിത.ടി, ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നിർമല കെ.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അൻസാർ കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രിയ വി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഇസ്മയിൽ കെ.ടി | അസി.എഞ്ചിനീയർ | 01-04-2022 | 22-12-2022 |
| ശ്രീമതി .അജിത.എൻ | അസി.എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 23-12-2022 | 31-03-2023 |
| ശ്രീമതി .ഡോ.മിനി കെ.വി | വെറ്ററിനറി സർജൻ | 01-04-2022 | 30-09-2022 |
| ശ്രീമതി .ഡോ.ശ്രീരാഖി.എ.എൽ | വെറ്ററിനറി സർജൻ | 01-10-2022 | 23-03-2023 |
| ശ്രീ. ഡോ. ധനേഷ്.വി | വെറ്ററിനറി സർജൻ | 24-03-2023 | 31-03-2023 |
| ശ്രീ.ഡോ.മുഹമ്മദ് അഷ്റഫ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി .ഡോ.സീന ബി മഠത്തിൽ | മെഡിക്കൽ ഓഫീസർ,ഗവ. ആയുർവ്വേദ ആശുപത്രി | 01-04-2022 | 31-03-2023 |
| ശ്രീമതി .ഡോ.ലെവീന ടി.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി. ശബ്നം സി.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 30-10-2022 |
| ശ്രീമതി.സന്ധ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 31-10-2022 | 06-02-2023 |

| | | | |
|---|---|---|---|
| ശ്രീമതി. ശബ്നം സി.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 06-02-2023 | 31-03-2023 |
| ശ്രീമതി. അമ്പിളി എൻ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. മൊയ്തീൻഷാ എൻ കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ ഒ | വി.ഇ.ഒ നടുവത്തൂർ സർക്കിൾ | 01-04-2022 | 21-01-2023 |
| ശ്രീ.മോഹനൻ.വി.കെ. | വി.ഇ.ഒ നടുവത്തൂർ സർക്കിൾ(അധികച്ചുമതല) | 22-01-2023 | 31-03-2023 |
| ശ്രീ മോഹനൻ. വി.കെ. | വി.ഇ.ഒ കീഴരിയൂർ സർക്കിൾ | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ബാങ്കിൽ നിക്ഷേപിച്ച തുകകൾ ഇതുവരെ ക്രമീകരിച്ചില്ല | 1-1-3 |
| 5 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം ACR പ്രകാരം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 12 | ടാക്സ് ഓഡിറ്റ് | 1-8 |
| 13 | മതിയായ പാർക്കിംഗ് ഇല്ലാത്ത കെട്ടിടം ക്രമവത്കരിച്ചു. | 1-9 |
| 14 | കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസ്- സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകൽ - വിനിയോഗ വിവരം ഇല്ല | 1-10 |
| 15 | കതിരണി - ജില്ലാപഞ്ചായത്തിന് അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-11 |
| 16 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന വാങ്ങൽ - മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-12 |
| 17 | കറവപ്പശുക്കൾക്ക് ധാതുലവണമിശ്രിതം- മുഴുവനും വിതരണം ചെയ്തിട്ടില്ല. | 1-13 |
| 18 | നെൽകൃഷി പ്രോത്സാഹന പദ്ധതി - പാടശേഖര സമിതികൾക്കു നൽകിയ തുകയുടെ ചെലവ് രേഖകൾ അപൂർണ്ണം | 1-14 |
| 19 | ക്രാഡിൽ അങ്കണവാടികളുടെ ആധുനീകവൽകരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 20 | അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു. | 1-16 |
| 21 | ജൽജീവൻ മിഷന്റെ സാധ്യതകൾ പരിഗണിക്കാതെ പദ്ധതി ആസൂത്രണം ചെയ്തു. | 1-17 |
| 22 | സൈറ്റ് അളവുകളിൽ വ്യത്യാസം | 1-18 |

| | | |
|---|---|---|
| 23 | പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ല | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല (ചട്ടം 62).

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 &11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ 30.06.23 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 06.07.23 ന് പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കീഴരിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് മാസം അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ യും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022 - 23 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2321822/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3707616/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

**1-1-3 ബാങ്കിൽ നിക്ഷേപിച്ച തുകകൾ ഇതുവരെ ക്രമീകരിച്ചില്ല**

E-Payment നായി KGB യിൽ ആരംഭിച്ച 40223111000044 നമ്പർ അക്കൗണ്ടിന്റെ മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Deposited But Not Cleared ആയ വകയിൽ 13136/- രൂപ ഇനിയും കളക്ഷൻ ആവാനുണ്ട്. അതിൽ 12.07.2021 മുതലുള്ള തുകകൾ ഇനിയും ക്രമീകരിക്കാനുണ്ട്. റീകൺസിലിയേഷൻ പത്രികകളിലൊന്നും തന്നെ Narration എഴുതിയിട്ടില്ല.

**1-1-4 രസീത് തെറ്റായ ശീർഷകത്തിൽ നൽകി**

തൻവർഷത്തെ ലേലം വരവുകൾ തനതുവരുമാനമായി ഉൾപ്പെടുത്താതെ ബാധ്യതയായി ഉൾപ്പെടുത്തി

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടന്ന ലേലങ്ങളിലൂടെ 44300 /-രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വരവ്- വരവായി ഉൾപ്പെടുത്താതെ ബാധ്യതയായാണ് വാർഷിക കണക്കിലും രജിസ്റ്ററിലും ഉൾപ്പെടുത്തിയിരിക്കുന്നത്

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 25/03/2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20/03/2023 തീയതിയിലെ 1/2 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ളത് | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 8391732 | 4660118 |
| വരവ് | 184264970 | 180244000 |
| ആകെ | 192656702 | 184904118 |
| ചെലവ് | 186978800 | 183641800 |
| നീക്കിയിരിപ്പ് | 5677902 | 1262318 |

**1-3 സാമ്പത്തിക വിശകലനം**

**ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ(റസീറ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 10428041 |
| വരവ് | 24447444 |
| ആകെ | 34875485 |

| | |
|---|---|
| ചെലവ് | 22125622 |
| നീക്കിയിരിപ്പ് | 12749863 |

## 1-4 ഫണ്ട് വിനിയോഗം ACR പ്രകാരം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13987133 | 13987133 | 12972051 | 1015082 |
| വികസനഫണ്ട്-എസ്.സി.പി | 0 | 2777640 | 2777640 | 2652640 | 125000 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4570000 | 4570000 | 2105968 | 2464032 |
| മെയിന്റനൻസ്, റോഡ് | 0 | 4224000 | 4224000 | 2066989 | 2157011 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി മുഖേന) | 0 | 989478 | 989478 | 912756 | 76722 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ബാങ്ക് മുഖേന) | 1941455 | 2687000 | 4628455 | 2030263 | 2598192 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 100151 | 100151 | 75000 | 25151 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് (ബാങ്ക് മുഖേന) | 641616 | 1915346 പലിശ ഉൾപ്പെടെ | 2556962 | 1561384 | 995578 |

വികസനഫണ്ട് ജനറലിൽ ചെലവായി കാണിച്ച 12972051/- രൂപയിൽ 171829/-രൂപയുടെ ക്യൂ ബില്ലിന്റെ തുക കുറവ് ചെയ്ത തുകയാണ് പട്ടികയിൽ ചെലവായി ഉൾപ്പെടുത്തിയത്.

വികസനഫണ്ട് എസ്.സി.പിയിൽ ചെലവായി കാണിച്ച 2777640/- രൂപയിൽ 125000 /-രൂപയുടെ ക്യൂ ബില്ലിന്റെ തുക കുറവ് ചെയ്ത തുകയാണ് പട്ടികയിൽ ചെലവായി ഉൾപ്പെടുത്തിയത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് |
|---|---|---|---|---|---|---|
| 128 | 78 | 23 | 27 | 60.94 | 82883765 | 33347549 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1497414 | 1497414 | 1472889 | 24525 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 10336889 | 10336889 | 10336889 | |

## 1-7 ക്യാഷ് ബാലൻസ് പരിശോധന


1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.23 ന് 3.00 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17820/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്


കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ **243 (എച്ച്)** പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുണ്ട്.

തനത് വരുമാന സ്രോതസ്സുകൾ താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകൾ പൂർണ്ണമായി പിരിച്ചെടുക്കുന്ന സമീപനം ഉണ്ടാവേണ്ടതുണ്ട്. ഡിമാന്റ് പൂർണ്ണമാക്കുന്ന നടപടികൾക്കാണ് ഗ്രാമപഞ്ചായത്ത് മുൻതൂക്കം നൽകേണ്ടത്. **2019-20** മുതൽ **2022-23** വരെയുള്ള കാലയളവിൽ വരുമാനത്തിലുണ്ടായ വർദ്ധനവ്, ചെലവുകളിലുണ്ടായിട്ടുള്ള വർദ്ധനവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർത്ത ചാർട്ടുകളിൽ ഉൾപ്പെടുത്തിയത് കാണുക.

ചെലവിനങ്ങൾ വർദ്ധിക്കുന്നു. ചാർട്ട് 1 കാണുക




ചെലവിന് ആനുപാതികമായ വർദ്ധനവ് വരുമാനത്തിൽ ഉണ്ടാകുന്നില്ല. ചാർട്ട് 2 കാണുക




വർദ്ധിക്കുന്ന ചെലവുകൾക്ക് ആനുപാതികമായി വരുമാനത്തിൽ വർദ്ധനവുണ്ടാകാത്തത് തുടർ വർഷങ്ങളിലെ വികസന പ്രവർത്തനങ്ങളെ ബാധിക്കാനിടയുണ്ട്. നിലവിൽ ഡിമാന്റ് ചെയ്യപ്പെടുന്ന തുക 100% പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കുന്നുണ്ടെങ്കിലും ഡിമാന്റ് പൂർണ്ണമാക്കുന്നതിനുള്ള നടപടി ഉണ്ടാവേണ്ടതുണ്ട്.

വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. **1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് **200** പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തുനികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ **203-ാം** വകുപ്പ്, **2011** ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. **2022-23** സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി, തൊഴിൽ നികുതി, മറ്റ് നികുതി വരുമാനം എന്നിവയുടെ പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തുകൾ പിരിച്ചെടുക്കേണ്ട പ്രധാന നികുതികൾ

| ഇനങ്ങൾ | കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് |
|---|---|
| വസ്തുനികുതി | 203 |

| | |
|---|---|
| തൊഴിൽനികുതി | 204 |
| വിനോദനികുതി | 200, ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ആക്ട് 196 & റൂൾസ് 1962 |
| സേവനനികുതി | 203 , 2011 ലെ കേ.പ.രാ (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ ചട്ടം 26 |

വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം

05.04.2023 ലെ സ.ഉ. (അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ.(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് . വസ്തുനികുതി പരിഷ്കരണ നിരക്കുകൾ ഭരണ സമിതിയുടെ 29.04.2023 ലെ 3(1) നമ്പർ തീരുമാന പ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 ലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-റിവ് 2 നമ്പർ കത്ത് പ്രകാരം നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30 നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിലൊഴികെ കാലതാമസം ഉണ്ടായിട്ടുണ്ട്. ആയത് തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനേയും ബാധിച്ചിട്ടുണ്ട്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതി നിരക്കുകളിൽ സെപ്തംബർ മൂന്നാം വാരത്തിൽ മാത്രമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകുകയും ചെയ്തിട്ടില്ല.

ഫീൽഡ്തല പരിശോധനകൾ

2019 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും നമ്പർ അനുവദിച്ചതുമായ കെട്ടിടങ്ങൾ, ഒക്യുപെൻസി അനുവദിച്ച തീയതി മുതൽ 2 വർഷത്തിനകം സെക്രട്ടറി ഫീൽഡ് തല പരിശോധനയിലൂടെ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച മൂലം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

22.03.2023 ലെ സ.ഉ.(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം 30.06.2023 തിയ്യതിക്കകം ഫീൽഡ്തല പരിശോധനകൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം

പാലിക്കുകയോ ഖണ്ഡിക 12 പ്രകാരം നിശ്ചിത യോഗ്യതയുള്ളവരെ ആയതിലേക്കായി നിയമിച്ചത് പരിമിതവുമാണ്. ഇക്കാരണത്താൽ തന്നെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടില്ല.

അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷമുള്ള വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചപ്പോൾ 2023-24 പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ച പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പഴയ നിരക്ക് അടിസ്ഥാനമാക്കിയാണ് നിർണ്ണയിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്‌വെയർ കാലികമാക്കുന്നതിലുള്ള കാലതാമസം മൂലം പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതിന്റെയും കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതിന്റെയും അധിക ബാധ്യത സ്ഥാപനത്തിനുണ്ടായിട്ടുണ്ട്. നിലവിൽ സോഫ്റ്റ്‌വെയറിലെ നിരക്കുകളിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും പഴയ നിരക്കുകളിൽ തന്നെയാണ് വസ്തുനികുതി നിർണ്ണയം നടത്തുന്നത്.

റോഡുകളുടെ വിജ്ഞാപനം മതിയായ പഠനം നടത്താതെ

നിലവിലുള്ള ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് വഴി സൗകര്യം നിശ്ചയിക്കുന്നതിനായി റോഡുകളെ വിജ്ഞാപനം ചെയ്തിട്ടുള്ളത്. എന്നാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കിയിട്ടില്ല. വഴി സൗകര്യപ്രകാരമുള്ള വസ്തുനികുതി വർദ്ധനവിന് റോഡിന്റെ വീതി പ്രധാന ഘടകമായിരിക്കെ ആസ്തി രജിസ്റ്ററിലെ പ്രസ്തുത വിവരങ്ങൾ വസ്തുതാപരമായല്ല രേഖപ്പെടുത്തിയിട്ടുള്ളത്. റോഡുകളുടെ തരം നിശ്ചയിക്കുന്നതിന് ആധാരമാക്കിയ രേഖയുടെ ആധികാരികത ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല .

വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

എ) ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ നികുതി ഡിമാന്റ് ചെയ്യുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ്. മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് ചതുരശ്ര മീറ്ററിനു 30 രൂപ എന്ന കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി ഡിമാന്റ് ചെയ്തു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബഷീർ, ആഷിയാന, കീഴരിയൂർ എന്നവരുടെ 11/131 A മുതൽ **11/131** E വരെ നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം **101.84** ച.മീ ആണ്. എന്നാൽ **100** ച.മീ താഴെയുള്ള വാണിജ്യാവശ്യ കെട്ടിടത്തിനുള്ള **30** രൂപ നിരക്കിലാണ് പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുള്ളത്. **3577** രൂപയാണ് കെട്ടിടത്തിന്റെ ആകെ നികുതിയായി കണക്കാക്കിയിട്ടുള്ളത്. എന്നാൽ **50** രൂപ നിരക്കിൽ **6110** രൂപ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തുന്നില്ല.

250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിടേതര കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകുന്ന സാഹചര്യത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഓരോ മുറിയുടെയും വിസ്തീർണ്ണം 250 ച.മീ താഴെയാണെന്ന കാരണത്താൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നു.

ഉദാ-**1.** എം.കെ. സുരേഷ് ബാബു. അമൃതാപുരി എന്നവരുടെ ഉടമസ്ഥതയിലുള്ള **531.17** ച.മീ വിസ്തീർണ്ണമുള്ള **3/225 A** മുതൽ **3/225 K** വരെ നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരം മേൽത്തരം എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വസ്തുനികുതി നിർണ്ണയിച്ചപ്പോൾ **15%** വർദ്ധനവ് ബാധകമാക്കിയിട്ടില്ല.

കെട്ടിടത്തിന്റെ നിലവിലുള്ള മുഴുവൻ വിസ്തീർണ്ണത്തിനും വസ്തു നികുതി നിർണ്ണയിച്ചില്ല

ബഷീർ, കുന്നംകണ്ടി എന്നവരുടെ **1099/22** നമ്പറായുള്ള അധിക നിർമ്മാണത്തിനുള്ള അപേക്ഷ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ **( 3/252 A** മുതൽ **3/252 G** വരെയുള്ള നമ്പറുകൾ**)** വിസ്തീർണ്ണമായി രേഖപ്പെടുത്തിയത് **420.9** ച.മീ ആണ്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിട നമ്പരുകളുടെ ആകെ വിസ്തീർണ്ണം **287.45** ച.മീ മാത്രമാണ്. **133.45** ച.മീ അനധികൃത നിർമ്മാണം ക്രമവത്കരിക്കാതെയാണ് അപേക്ഷകന് അധിക നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്.

മേൽ പരാമർശിച്ച തരം അപാകതകൾ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതാണെങ്കിലും അപാകതകൾ ആവർത്തിക്കുന്നതിൽ നിന്നും സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അപകടാവസ്ഥ ഗൗരവത്തിലെടുക്കാതെയാണ് നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ ചുമതലാ നിർവ്വഹണം നടത്തുന്നതെന്ന വസ്തുത ബോധ്യപ്പെടുന്നു. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വസ്തു നികുതി- ഓഡിറ്റ് ശുപാർശകൾ

- 05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ (സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽ നടപടി ക്രമങ്ങൾ ഓഡിറ്റ് തിയ്യതിവരെയും പൂർത്തീകരിച്ചിട്ടില്ല. മേൽ നടപടിക്രമങ്ങൾ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്ന വിധത്തിൽ നിർവ്വഹണ കലണ്ടർ തയ്യാറാക്കേണ്ടതും പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതുമാണ്.
- പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നിശ്ചിത ഇടവേളകളിൽ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
- 250 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ തരം പരിശോധിക്കേണ്ടതാണ്.
- 100 ച.മീറ്ററിൽ അധികം തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി 30 രൂപ നിരക്കിൽ നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പുനപരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് വസ്തുനികുതി ഡിമാന്റ് പൂർണ്ണമാക്കി വിവരം അറിയിക്കേണ്ടതാണ്.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ളപക്ഷം പഞ്ചായത്ത്

നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഇത്തരം സേവനങ്ങൾ നൽകുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല. സേവന നികുതി ചുമത്തുന്നതിന്റെ സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രൊഫഷണലുകൾ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ , ഒഡിറ്റോറിയം, എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച വിവരവ്യൂഹം തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

നികുതി ഈടാക്കുന്നത് വരുമാനം നിർണ്ണയിക്കാതെ

സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച റിട്ടേണുകളിലെ വിവരങ്ങളുടെ കൃത്യത പരിശോധിക്കാതെയാണ് സെക്രട്ടറി ഡിമാന്റ് തുക നിർണ്ണയിക്കുന്നത്. ഉദാ- ശ്രീ.വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിലെ റിട്ടേൺ പ്രകാരം ലാബ് അസിസ്റ്റന്റ്മാരുടെ അടിസ്ഥാന ശമ്പളമായി രേഖപ്പെടുത്തിയിരിക്കുന്നത് 19000 രൂപ മാത്രമാണ്. ആയത് പ്രകാരം അർദ്ധവർഷത്തെ തൊഴിൽ നികുതി നിർണ്ണയിച്ചത് 1000 രൂപയായാണ്. എന്നാൽ 2019 ലെ പേ റിവിഷൻ ഓർഡർ പ്രകാരമുള്ള ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 23000 രൂപയാണ്. മേൽ വസ്തുത പരിശോധിക്കപ്പെട്ടിട്ടില്ല.

വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഈടാക്കുന്നതിലും ഒരാൾ മാത്രമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കുമ്പോഴും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെയല്ല. തൊഴിൽ നികുതി ചട്ടങ്ങളുടെ അനുബന്ധമായുള്ള ഫോറം 2 ൽ റിട്ടേൺ വാങ്ങിയാണ് നികുതി ഈടാക്കേണ്ടിയിരുന്നതെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ഈ നികുതി എപ്രകാരം നിശ്ചയിക്കപ്പെടുന്നു എന്ന് വ്യക്തമല്ല. നികുതി നഷ്ടത്തിലേക്ക് നയിക്കാനുള്ള സാഹചര്യം ഇതുമൂലമുണ്ടായിട്ടുണ്ട്.

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (വകുപ്പ് 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

4. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ ) ചട്ടം 14 എ പ്രകാരം സ്ഥാപനങ്ങളേയും വ്യക്തികളേയും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ വിന്യസിക്കുന്ന പക്ഷം ഫീൽഡ് തല ജിവനക്കാരുടെ മനുഷ്യശേഷി ലാഭിക്കാൻ സാധിക്കും. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽ ദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇത് മൂലം ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ അപാകതകൾക്ക് കാരണമായി. നികുതി വലയം വിപുലമാക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ കമ്മിറ്റി നല്കുകിയിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.

എഫ്.ടി.ഇ.എ.ഒ.സ് ലൈസൻസ് ഡിമാന്റ് പൂർണ്ണമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ).

മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫീൽഡ്തല ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ മനുഷ്യശേഷിയുടെ പരമാവധി ഫീൽഡ് തല ചുമതലകൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
- കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) ഫീൽഡ്തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചും സ്ഥലം ഉപയോഗപ്പെടുത്തിയും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
- 1996 ലെ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 14 A യിൽ പരാമർശിക്കുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയറിന്റെ സാധ്യത പരിശോധിക്കേണ്ടതും മേൽ സോഫ്റ്റ്‌വെയർ മുഖേന പഞ്ചായത്ത് പരിധിയിലെ വ്യാപാര-വ്യവസായ-സംരംഭങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

മറ്റ് വരവുകൾ

2020-21 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടെ ചെറുപുഴ പാടശേഖരം, അകലാപുഴയുടെ തീരങ്ങൾ എന്നിടങ്ങളിൽ ഗ്രാമപഞ്ചായത്തിന് പുഴ പുറമ്പോക്കുകൾ ഉണ്ടായിരിക്കാനുള്ള സാധ്യത ചൂണ്ടിക്കാണിക്കുകയും ആയത് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പ്രാഥമികമായി ഇത്തരത്തിലുള്ള ആസ്തികൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വില്ലേജ് ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തി പരിശോധിക്കേണ്ടതും പുറമ്പോക്കുകൾ ഉള്ളപക്ഷം ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആസ്തി പ്രയോജനപ്പെടുത്തി വരുമാനം ആർജ്ജിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ (ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ) ഫലവൃക്ഷങ്ങൾ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരുമാന നഷ്ടമുണ്ടാകാനിടയുണ്ട്.

നികുതി നൽകാൻ ബാധ്യസ്ഥരായവരെല്ലാം നികുതി നൽകിയെന്ന് ഉറപ്പ വരുത്തണമെങ്കിൽ നികുതിദായകരുടെ പൂർണ്ണമായ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ഈ ലിസ്റ്റ് തുടർച്ചയായി പുതുക്കുകയും വേണം. ആയതിലേക്ക് പിരിവിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തണം.

തൊഴിൽനികുതി സംബന്ധിച്ച ലിസ്റ്റ് സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ലൈസൻസ്/രജിസ്ട്രേഷൻ/പെർമിറ്റ് എടുക്കാൻ ബാധ്യസ്ഥരായവർ അവ യഥാസമയം എടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അർപ്പിതമായ ബാധ്യത നിറവേറ്റുന്നതിനും ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതിരിക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുകയും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വേണം.

**1-9 മതിയായ പാർക്കിംഗ് ഇല്ലാത്ത കെട്ടിടം ക്രമവത്കരിച്ചു.**

ഫയൽ നം. എസ്.സി3/2601/22 Dt.24.11.2022

ബഷീർ, ആഷിയാന, കീഴരിയൂർ എന്നവരുടെ **11/131** A മുതൽ **11/131** E വരെ നമ്പർ അനുവദിച്ച കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം സമർപ്പിച്ച പ്ലാൻ പ്രകാരം **101.84** ച.മീ ആണ്. അപേക്ഷകൻ വില്ലേജിൽ സമർപ്പിച്ച ഫോറം **2** പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണമായി രേഖപ്പെടുത്തിയിട്ടുള്ളത് **118.97** ച.മീ ആണ്. പ്ലാൻ പ്രകാരം തറനില, ഒന്നാം നില എന്നിവ സമാന ഘടനയിലും അളവിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം തറനില, ഒന്നാം നില എന്നിവയുടെ വിസ്തീർണ്ണം **50.92** ച.മീ വീതമായാണ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അപേക്ഷയോടൊപ്പമുള്ള സെക്ഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഒരു മീറ്റർ വീതിയിൽ പാസേജ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഒന്നാം നിലയിലെ വിസ്തീർണ്ണം കണക്കാക്കുന്നതിന് പാസേജിന്റെ വിസ്തീർണ്ണത്തിന്റെ പകുതി പരിഗണിച്ചിട്ടില്ല.

വാണിജ്യ വിനിയോഗത്തിലുള്ള പ്രസ്തുത കെട്ടിടത്തിന് രണ്ട് കാർ പാർക്കിംഗുകൾ ആവശ്യമുണ്ട്. എന്നാൽ സൈറ്റ് പ്ലാനിൽ ഒരു പാർക്കിംഗ് മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. **3.5** മീറ്റർ വീതിയുള്ള മുൻഭാഗത്താണ് പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗിന് കുറഞ്ഞത് **3.6** മീ വീതി ആവശ്യമാണെന്നിരിക്കെ പ്രസ്തുത ഭാഗത്ത് പാർക്കിംഗ് പ്രായോഗികമല്ലെന്നത് വ്യക്തമാണ്. പ്രവേശന മാർഗ്ഗം, പാർക്കിംഗ് എന്നിവ പരിഗണിക്കുമ്പോൾ മുൻഭാഗത്ത് ചട്ടപ്രകാരം ആവശ്യമായ തുറസ്സായ

പ്രദേശത്തിന്റെ 50% ലഭ്യമാവില്ലെന്നതും വ്യക്തമാണ്.

അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിന്മേൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ മേൽ അപാകതകൾ പരിശോധിക്കുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. 03.10.2023 തിയ്യതിയിൽ 2/22-23 നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ കെട്ടിടം ഭൗതിക പരിശോധന നടത്തി മേൽ വസ്തുതകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്മേൽ സെക്രട്ടറി യാതൊരു വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ചട്ട വിരുദ്ധമായി കെട്ടിടത്തിന് നമ്പർ അനുവദിച്ച നടപടിക്ക് സെക്രട്ടറി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-10 കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ മെയിന്റനൻസ്- സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകൽ – വിനിയോഗ വിവരം ഇല്ല**

പ്രൊജക്ട് നമ്പർ 148/23

ചെലവു തുക 1,00,000

ബിൽ നമ്പർ , തിയതി 113/27.12.22

നിർവ്വഹണം സെക്രട്ടറി

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിംഗിന് 50,000/- രൂപ നിരക്കിൽ സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കളായ ആദി ശങ്കർ, ആമിന ഹയിസ എന്നീ കോക്ലിയർ സർജറി കഴിഞ്ഞ (കോക്ലിയർ സർജറി യഥാക്രമം 16.11.18, 17.04.17എന്നീ തിയതികളിൽ ചെയ്തിട്ടുണ്ട്) കുട്ടികൾക്കുള്ള തുക 50,000/- വീതം 1,00,000/- രൂപ ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹിതം സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതിയോ തുക വിനിയോഗിച്ചതിന്റെ വിശദാംശമോ ഫയലിൽ ഇല്ല . വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/22-23 തിയതി 04.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 1,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-11 കതിരണി – ജില്ലാപഞ്ചായത്തിന് അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല**

പ്രൊജക്ട് നമ്പർ 80/22-23

നിർവ്വഹണം കൃഷി ഓഫീസർ

അടങ്കൽ 36,00,000

ചെലവു തുക 17,82,085

ഗ്രാമപഞ്ചായത്തിലെ ചെറുപുഴ പാടശേഖരത്തിൽ വർഷങ്ങളോളം വെള്ളക്കെട്ട് കാരണം തരിശായി കിടക്കുന്ന 30 ഹെക്ടർ തരിശ് സ്ഥലം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി നെൽകൃഷി ചെയ്യുന്നതിന് ആവശ്യമായ മുഴവൻ പ്രവൃത്തികളും പൂർത്തീകരിച്ച് കൃഷിയോഗ്യമാക്കുന്ന പ്രവൃത്തിയ്ക്ക് ജില്ലാപഞ്ചായത്ത് വിഹിതം അനുവദിക്കുന്നതാണ് പദ്ധതി. ആയത് പ്രകാരം 17,82,085/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 3.5.4. പ്രകാരം സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ജില്ലയിലെ വകുപ്പ മേധാവികളുടെയും ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ എന്നിവരുടെയും സദയുക്ത

യോഗം വിളിച്ച് ചേർക്കേണ്ടതാണെന്നും സംയുക്ത പ്രൊജക്ടുകളെയും പങ്കാളികളായ സ്ഥാപനങ്ങൾ വകയിരുത്തേണ്ട വിഹിതത്തെയും സംബന്ധിച്ച് ധാരണയാകേണ്ടതും വിശദാംശങ്ങൾ ജില്ലാ ആസൂത്രണസമിതി തയ്യാറാക്കി തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം ഫയലിലില്ല. ജില്ലാ പഞ്ചായത്ത് തുക കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും വിശദാംങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 10/22-23 തിയതി 05.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 17,82,085/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-12 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നം./ പേര് | 4/23 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ തുക | 1,00,000 രൂപ (മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ചെലവ് | 1,00,000 രൂപ (ബിൽ നം.3/2022-23 തീയതി.30.01.23) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,ഹോമിയോപ്പതി |

മേൽ പ്രോജക്ട് പ്രകാരം നമ്പ്രത്ത്കര ഹോമിയോപ്പതി ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 1,00,000 രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 50876/- രൂപയ്ക്കുള്ള മരുന്നാണ് ഇതുവരെ ലഭ്യമാക്കിയിട്ടുള്ളത് (ഇൻവോയിസ് നം.LF-971/11.08.23). 16.09.23 ലെ 47/23 നമ്പർ കത്തുപ്രകാരം ബാക്കിയുള്ള രൂപയ്ക്ക് മരുന്ന് ലഭ്യമാക്കണമെന്ന് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള 49124 രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

**1-13 കറവപ്പശുക്കൾക്ക് ധാതുലവണമിശ്രിതം- മുഴുവനും വിതരണം ചെയ്തിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 56/23 കറവപ്പശുക്കൾക്ക് ധാതുലവണമിശ്രിതം |
| അടങ്കൽ തുക | 230850 രൂപ (മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ചെലവ് | 205200 രൂപ (ബിൽ നം.P 15/2022-23 |

| | |
|---|---|
| | തീയതി.09.03.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ക്ഷീരകർഷകർക്ക് പാലുൽപ്പാദനം വർധിപ്പിക്കുന്നതിനായി ധാതുലവണ മിശ്രിതം വിതരണം ചെയ്യുന്നതിനുവേണ്ടി ലക്ഷ്യമിട്ടിട്ടുള്ളതാണ് മേൽ പ്രോജക്ട്. തെരഞ്ഞെടുക്കപ്പെട്ട 171 ക്ഷീരകർഷകർക്ക് സൗജന്യനിരക്കിൽ 8 കി.ഗ്രാം. വീതം കേരാമിൻ ഓർഗാനിക് വിതരണം ചെയ്യുന്നതിനായി കി.ഗ്രാമിന് 150/- രൂപ നിരക്കിൽ കേരള ഫീഡ്സിൽ നിന്നും 1368 കി.ഗ്രാം കേരാമിൻ ഓർഗാനിക് വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നം.KFLPl-22-23-055810 തീയതി 06.03.2023). എന്നാൽ ഫയൽ പരിശോധിച്ചപ്പോൾ 154 പേർക്ക് 8.കി.ഗ്രാം നിരക്കിൽ ആകെ 1232 കി.ഗ്രാം ധാതുലവണമിശ്രിതം ആണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന 136 കി.ഗ്രാം ധാതുലവണമിശ്രിതം വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. മുഴുവൻ ഗുണഭോക്താക്കൾക്കും ധാതുലണമിശ്രിതം വിതരണം ചെയ്യാത്തതിനു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 20400/- രൂപയുടെ (136*150) ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-14 നെൽകൃഷി പ്രോത്സാഹന പദ്ധതി – പാടശേഖര സമിതികൾക്കു നൽകിയ തുകയുടെ ചെലവ് രേഖകൾ അപൂർണ്ണം**

**ഓഡിറ്റ് എൻക്വയറി നം. 4/22-23 തിയതി 05.10.23**

പ്രൊജക്ട് നമ്പർ 77/22-23

നിർവ്വഹണം കൃഷി ഓഫീസർ

നെൽകൃഷിയ്ക്ക് വിത്ത് വിതരണം, കൂലിച്ചെലവ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പാക്കിയ മേൽ പദ്ധതിയുടെ ചെലവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ / തിയതി | തുക | വശദാംശം |
|---|---|---|---|
| 1 | 155/16.01.23 | 83,880 | നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി ഗുണഭോക്താക്കൾക്ക് അനുവദിച്ചത് |
| 2 | 177/05.02.23 | 46,680 | കല്ലിട്ടൊടി പാടശേഖര സമിതിയ്ക്ക് കൂലിച്ചെലവിനത്തിൽ അനുവദിച്ചത് |
| 3 | 178/05.02.23 | 32,000 | ചെറുപുഴ പാടശേഖര സമിതിയ്ക്ക് നെൽവിത്ത് നൽകിയ വകയിൽ |

| | | | |
|---|---|---|---|
| 4 | 184/09.02.23 | 54,460 | കല്ലിട്ടൊടി പാടശേഖര സമിതിയ്ക്ക് കൂലിച്ചെലവിനത്തിൽ അനുവദിച്ചത് |
| 5 | 179/05.02.23 | 4,000 | നെൽവിത്ത് ട്രാൻസ്പോർട്ടേഷൻ ചാർജ് |
| 6 | 209/04.03.23 | 73,320 | ചെറുപുഴ, കല്ലിട്ടൊടി പാടശേഖര സമിതികൾക്ക് (യഥാക്രമം 60000/-, 13,320/-) കൂലിച്ചെലവിനത്തിൽ അനുവദിച്ചത് |
| 7 | 203/01.03.23 | 84,000 | ചെറുപുഴ പാടശേഖര സമിതിയ്ക്ക് കൂലിച്ചെലവിനത്തിൽ അനുവദിച്ചത് |
| 8 | 212/08.03.23 | 15,540 | കല്ലിട്ടൊടി പാടശേഖര സമിതിയ്ക്ക് കൂലിച്ചെലവിനത്തിൽ അനുവദിച്ചത് |
| 9 | 212/08.03.23 | 70,000 | ചെറുപുഴപാടശേഖര സമിതിയ്ക്ക് കൂലിച്ചെലവിനത്തിൽ അനുവദിച്ചത് |
| | ആകെ | 4,63,880 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ക്രമ നമ്പർ 2, 4, 6, 7, 8, 9 എന്നിവ പ്രകാരമുള്ള തുകകൾ നെൽകൃഷിയ്ക്ക് കൂലിച്ചെലവിന് സബ്സിഡി ഇനത്തിൽ പാടശേഖര സമിതികൾക്കനുവദിച്ച തുകയാണ് . അതാത് പാടശേഖര സമിതികൾ കർഷകർക്കനുവദിച്ചതായുള്ള വൗച്ചറുകളും കൃഷി ഓഫീസർ ഫയലിനൊപ്പം ഹാജരാക്കിയിട്ടുണ്ട്. ആയതിൽ ക്രമ നമ്പർ 6 പ്രകാരമുള്ള ബില്ലിന് അനുബന്ധമായി ചെറുപുഴ പാടശേഖര സമിതി സെക്രട്ടറിയിൽ നിന്നും 1.1.23 ന് നെൽകൃഷി കൂലിച്ചെലവ് ഇനത്തിൽ 4 കർഷകർ 3,33,000/- (60,000/- ഗ്രാമപഞ്ചായത്ത് നൽകിയ സബ്സിഡി ഉൾപ്പെടെ) കൈപ്പറ്റിയതിനുള്ള വൗച്ചർ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതേപോലെ ക്രമനമ്പർ 7 പ്രകാരമുള്ള ബില്ലിനൊപ്പവും 3,30,000/രൂപ - (60,000/- ഗ്രാമപഞ്ചായത്ത് നൽകിയ സബ്സിഡി ഉൾപ്പെടെ) കൈപ്പറ്റിയതായുണ്ട്. ക്രമ നമ്പർ 9 പ്രകാരവും 3,30,000/-(70,000/- ഗ്രാമ പഞ്ചായത്ത് നൽകിയ സബ്സിഡി ഉൾപ്പെടെ) കൈപ്പറ്റിയതായുണ്ട്. എന്നാൽ ചെറുപുഴ പാടശേഖര സമിതിയുടെ പേരിലുള്ള ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ (അക്കൗണ്ട് നമ്പർ 40223101049352 കേരള ഗ്രാമീൺ ബാങ്ക്, കീഴരിയൂർ ശാഖ) സബ്സിഡിയായി ഗ്രാമപഞ്ചായത്ത് അനുവദിച്ച തുക വരവ് വന്നിട്ടുണ്ടെങ്കിലും ആയതിനു ശേഷം 28.03.23 മുതൽ 08.09.23 വരെ പാടശേഖര സമിതിയുടെ ചെലവ് 3,02,500/- മാത്രമാണ്. കർഷകർ കൂലിച്ചെലവ് കൈപ്പറ്റിയത് പ്രകാരമുള്ള വൗച്ചറുകൾ പ്രകാരം 9,90,000/- രൂപ ഇയിനത്തിൽ കൈപ്പറ്റിയതായി കാണുന്നുമുണ്ട്. ബാങ്ക് അക്കൗണ്ടിലെ വിവരങ്ങളും വൗച്ചറുകളും തമ്മിലുള്ള വ്യത്യാസത്തിനുള്ള കാരണം ഓഡിറ്റിൽ വ്യക്തമാക്കേണ്ടതാണ്.

**1-15 ക്രാഡിൽ അങ്കണവാടികളുടെ ആധുനീകവൽകരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ**

ഗ്രാമപഞ്ചായത്തിലെ 88,89,90,91,126 നമ്പറുകളിലുള്ള അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കുട്ടികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും, അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിനുമാണ് ക്രാഡിൽ അങ്കണവാടികളുടെ ആധുനീകവൽകരണം എന്ന പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്. ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനത്തിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് , ജി.എസ്.ടി സർട്ടിഫിക്കറ്റ് , പ്രിലിമിനറി എഗ്രിമെന്റ് , ഇ.എം.ഡി/ ഇ.എം.ഡി Excemption Certificate എന്നിവ ഉണ്ടായിരിക്കണം എന്ന പ്രോജക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട് . പ്രോജക്ട് പ്രകാരം റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നാണ് ആധുനികവൽക്കരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നത് .

| | |
|---|---|
| പ്രോജക്ട് നമ്പർ | 48/23 |
| പ്രോജക്ട് | ക്രാഡിൽ അങ്കണവാടികളുടെ ആധുനീകവൽക്കരണം |
| വകയിരുത്തിയത് | 402000 |
| ചെലവ് | 201000 (സംരക്ഷണ ഗ്രാന്റ് -നോൺ റോഡ്) |
| ബിൽ നമ്പർ | 126/06.01.23 - 201000 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

ആധുനീകവൽക്കരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങിയത് ആർട്ട്കോ ലിമിറ്റഡിൽ നിന്നാണ്. അതുകൊണ്ട് തന്നെ സാധനങ്ങളുടെ ഗുണനിലവാരം, വില വിവരം എന്നിവയുടെ താരതമ്യ പഠനം നടത്താതെ ആർട്ട്കോ നിശ്ചയിച്ച നിരക്കിലാണ് വാങ്ങിയത് .

1) സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 8.12.2016 ലെ ജി.ഒ.എം.എസ് 1/16/Spd നമ്പർ ഉത്തരവ് പ്രകാരം ഓർഡർ മൂല്യത്തിന്റെ 50% ൽ അധികം പൊതുമേഖലാ സ്ഥാപനം നിർമ്മിക്കുന്ന സാധനങ്ങൾ ആണെങ്കിൽ ടെണ്ടർ നടപടിക്രമം പാലിക്കാതെയും മൂല്യത്തിന്റെ 50% ൽ അധികം ബ്രാന്റഡ് ഉൽപ്പന്നങ്ങൾ ആണെങ്കിൽ ഓപ്പൺ ടെണ്ടർ നടപടിക്രമവും പിൻതുടർന്ന് വാങ്ങലുകൾ നടത്തേണ്ടതാണ്. എന്നാൽ ക്രാഡിൽ അങ്കണവാടികളുടെ ആധുനീകവൽക്കരണത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്ത ആർട്ട്കോയിൽ നിന്നും സപ്ലൈ ചെയ്ത സാധനത്തിന്റെ 50% ൽ അധികം വരുന്ന ഇനങ്ങൾ തങ്ങൾ നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം ഫയലിൽ ഇല്ല. കൂടാതെ ലഭ്യമാക്കിയ സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി ആർട്ട്കോയ്ക്ക് സർക്കാറിൽ നിന്നും ലഭ്യമാണോ എന്നതും വ്യക്തമല്ല .

2) 4 ക്ലാസ്സ് റൂമുകളുടെ 4ചുമരും മുൻവശവും പെയിന്റിംഗ് ചെയ്തതിന് 60032/- രൂപയും (13400+3216+3216 *4 ) 3 അങ്കണവാടികൾ പൂർണ്ണമായും പെയിന്റിംഗ് ചെയ്തതിന് 55742/- - രൂപയും (16590+2986+2986 *3) ARTCO ഈടാക്കിയിട്ടുണ്ട്. അങ്കണവാടികളുടെ ചുമരിന്റെ ഏരിയയിൽ പെയിന്റിംഗ് ചെയ്തതിന് വർക്കിന്റെ അളവ് എവിടെയും രേഖപ്പെടുത്തിയിട്ടില്ല. രണ്ട് പ്രവൃത്തികൾക്കും വാല്യേഷനില്ലാതയാണ് തുക

നൽകിയത് .ഇത് ശരിയായ നടപടിക്രമമല്ല .

ടെണ്ടർ നടപടിക്രമം പാലിക്കാതെ ഉപകരണങ്ങൾ വാങ്ങിയതിനും വാല്വേഷനില്ലാതെ തുക നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്.

**1-16 അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു.**

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് തുക അനുവദച്ചിരിക്കുന്നത് സ്റ്റാക്ക് ചെയ്ത അളവിനാണ്. CPWD സ്പെസിഫിക്കേഷൻ ഖ 16.4 , പട്ടിക 16.12, 16.13 എന്നിവ പ്രകാരം 63 Mm To 45mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. ക്വാറിമക്ക് സ്റ്റാക്ക് മെഷർ ചെയ്യുമ്പോൾ 5% കൺസോളിഡേഷനും കുറവ് ചെയ്യേണ്ടതുണ്ട്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം വോയിഡ് കുറവ് ചെയ്യാതെ അളവുകൾ രേഖപ്പെടുത്തുന്നതിനാൽ കരാറുകാരന് അധിക തുക നൽകാനിടയാകുകയും ആവശ്യമായ മെറ്റീരിയലുകൾ ഇല്ലാത്തതിനാൽ റോഡിന്റെ ഗുണനിലവാരം കുറയുകയും ചെയ്യുന്നുണ്ട്. ഒരു ഉദാഹരണം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കാരടി പറമ്പത്ത് മുതൽ കല്ലാരി താഴെ വരെ റോഡ് നിർമ്മാണം. |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | എ.സി.രവീന്ദ്രൻ |
| 40 MM സ്റ്റാക്ക് ചെയ്ത അളവ് | 19.68 $M^3$ |
| ക്വാറിവേസ്റ്റ് സ്റ്റാക്ക് ചെയ്ത അളവ് | 37.733 $M^3$ |
| അളവ് പുസ്തകം | 562/21-22 |

എ.സി.രവീന്ദ്രൻ എന്നവർ സമർപ്പിച്ച 08.01.2022 ലെ 304 നമ്പർ ബില്ല് പ്രകാരം 154450 രൂപയും, 10.01.2022 ലെ 440 നമ്പർ ബില്ല് പ്രകാരം 97200 രൂപ അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. മേൽ ബില്ലുകൾ പരിഗണിച്ച് കരാറുകാരന് 226112 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലുകൾ യഥാക്രമം നടുവത്തൂർ സ്റ്റോൺ ക്രഷർ, വൈഗ മാർക്കറ്റിംഗ്, കല്ലുങ്കി എന്നീ സ്ഥാപനങ്ങളുടേതാണ് . കരാറുകാരന്റെ ജി.എസ്.ടി നമ്പർ പരിശോധിച്ചതിൽ (32AGNPR0786R1ZI) സിമെന്റ് ഒഴികെയുള്ള മെറ്റീരിയലുകളുടെ വിതരണമോ ഉത്പാദനമോ കരാറുകാരനില്ലെന്നത് വ്യക്തമായിട്ടുണ്ട്. കരാറുകാരൻ ലഭ്യമാക്കിയ ബില്ല് മറ്റ് സ്ഥാപനങ്ങളുടേത് ആയിരുന്ന സാഹചര്യത്തിലും കരാറുകാരന് തുക അനുവദിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

കരാറുകാരൻ സമർപ്പിച്ച ബില്ല് പ്രകാരം 19.68 $M^3$ 40 MM മെറ്റൽ, 37.733 ക്വാറി വേസ്റ്റ് എന്നിവയാണ് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ എം ബുക്കിൽ രേഖപ്പെടുത്തിയ മെഷർമെന്റിൽ 40 MM മെറ്റലിൽ നിന്നും 7.5% വോയിഡ് കുറവ് ചെയ്യാതെയും ക്വാറി വേസ്റ്റിന്റെ അളവിൽ നിന്നും 5 % കൺസോളിഡേഷൻ കുറവ് ചെയ്യാതെയും കരാറുകാരന്റെ ബിൽ പ്രകാരമുള്ള അളവിനനുസൃതമായാണ് തുക അനുവദിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ വോയിഡ് കുറവ് ചെയ്യുമ്പോൾ താഴെ പട്ടികയിലുള്ള അളവ് പ്രകാരമുള്ള തുക മാത്രമെ കരാറുകാരന് നൽകേണ്ടതുള്ളൂ.

| ഇനം | സ്റ്റാക്ക് ചെയ്ത അളവ് | വോയിഡ് കുറവ് ചെയ്യുമ്പോഴുള്ള അളവ് | വ്യത്യാസം |
|---|---|---|---|
| 40 MM മെറ്റൽ | 19.68 $M^3$ | 18.2 $M^3$ | 1.48 $M^3$ |
| ക്വാറി മക്ക് | 37.733 $M^3$ | 35.85 $M^3$ | 1.88 $M^3$ |

അളവുകളിലെ വ്യതിയാനത്തിൽ നിന്നും 1:4:8 റേഷ്യോ പാലിക്കാതെയാണ് കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്നും വ്യക്തമാകുന്നു. സാധനങ്ങളുടെ സംഭരണ അളവുകൾ രേഖപ്പെടുത്തുന്നതിലുണ്ടായ വീഴ്ച മൂലം കരാറുകാരന് അധിക തുക നൽകുന്നതിനും പ്രവൃത്തിയുടെ ഗുണമേന്മ നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-17 ജൽജീവൻ മിഷന്റെ സാധ്യതകൾ പരിഗണിക്കാതെ പദ്ധതി ആസൂത്രണം ചെയ്തു.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഒറോക്കുന്ന് കുടിവെള്ള പദ്ധതിയുടെ **(പ്രൊ.നം- 16/23)** ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്.

- നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് അപര്യാപ്തമായതിനാൽ നിലവിലെ ടാങ്കിൽ നിന്നും **700** മീറ്റർ അകലെയുള്ള അരീക്കരതാഴ കിണറിൽ നിന്നുള്ള വെള്ളം വിതരണം ചെയ്യുന്നതിന് വേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഫയലിൽ നിന്നും ലഭ്യമായിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത്, ഭരണസമിതി തീരുമാനങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും ജൽജീവൻ മിഷൻ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാലാണ് അടിയന്തിരമായി പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 16.11.2022 തിയ്യതിയിൽ കരാർ വെച്ച പ്രവൃത്തി ഓഡിറ്റ് തിയ്യതി വരെയും പൂർത്തീകരിച്ചിട്ടില്ല. 2023-24 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്ന പദ്ധതിയിൽ ഓഡിറ്റ് തിയ്യതിവരെയും തുടർ പ്രവൃത്തികളൊന്നും നടന്നിട്ടില്ലെന്നത് പ്രൈസ് സോഫ്റ്റ്‌വെയറിൽ നിന്നും വ്യക്തമായിട്ടുണ്ട്. പദ്ധതി പ്രകാരം **700** മീറ്ററിൽ പൈപ്പ് ഇടുന്നതിനും **(**കിണർ മുതൽ നിലവിലുള്ള ടാങ്ക് വരെ**)** മെയിൻ വിതരണ പൈപ്പ് സ്ഥാപിച്ച് ജലം വിതരണം ചെയ്യുന്നതിനും നിലവിലെ ടാങ്കിൽ പെയിന്റിംഗ് , ടൈലിംഗ് പ്രവൃത്തികൾ

നിർവ്വഹിക്കുന്നതിനുമുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അടിയന്തിരമായി നിർവ്വഹിക്കുന്നതിന് ആസൂത്രണം ചെയ്ത പദ്ധതി ആയിരുന്നിട്ട് പോലും ഓഡിറ്റ് തിയ്യതി വരെയും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

- നിലവിലുള്ള കിണറിലെ വെള്ളം അപര്യാപ്തമായതിനാലാണ് **1343400** രൂപ അടങ്കലിൽ പദ്ധതി ആസൂത്രണം ചെയ്തത്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരം **20.10.2021** തിയ്യതിയിൽ തന്നെ ഗ്രാമപഞ്ചായത്ത് ത്രികക്ഷി കരാറിലേർപ്പെടുകയും ഒറോകുന്ന് പ്രദേശത്തെ ഗുണഭോക്താക്കളും പദ്ധതിയിൽ ഉൾപ്പെട്ട സാഹചര്യത്തിൽ താത്കാലിക പരിഹാരമെന്ന നിലയിൽ നിലവിലെ ജലസ്രോതസ്സിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനോ , അതുമല്ലെങ്കിൽ നിലവിലെ ജലസ്രോതസ്സിനോട് ചേർന്ന് കുഴൽ കിണർ സ്ഥാപിച്ച് താത്കാലികമായി പ്രശ്നം പരിഹരിക്കാനുള്ള സാധ്യതകൾ പരിശോധിക്കാതെ ആണ് ഗ്രാമപഞ്ചായത്ത് മേൽ പദ്ധതിയുമായി മുന്നോട്ട് പോയിട്ടുള്ളത്. നിലവിൽ ഭാഗികമായി മാത്രമെ പദ്ധതി നിർവ്വഹിച്ചിട്ടുള്ളൂ. ജൽ ജീവൻ മിഷൻ പദ്ധതി മുഖേന ജലം ലഭ്യമാവുന്നതിന് കാലതാമസമുണ്ടാകുമെന്ന കാരണത്താൽ ആസൂത്രണം ചെയ്ത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടതിന് മറുപടി ലഭ്യമായിട്ടില്ല.
- 19.04.2022 തിയ്യതിയിലെ സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 (23) പ്രകാരം ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ" പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ **15%** വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം,തനത്ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒറോക്കുന്ന് കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾ ജൽജീവൻ മിഷൻ പദ്ധതി ഗുണഭോക്താക്കളായിരിക്കെ **1343400** രൂപ അടങ്കലിൽ പദ്ധതി ആസൂത്രണം ചെയ്തതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനും മറുപടി ലഭ്യമാക്കിയിട്ടില്ല.

ജൽജീവൻ മിഷൻ പോലുള്ള ശാശ്വത പരിഹാരത്തിനുള്ള പദ്ധതി **2024** വർഷത്തിൽ നിലവിൽ വരുമെന്നിരിക്കെ താത്കാലിക പരിഹാരമെന്ന നിലയിൽ നിലവിലെ ജലസ്രോതസ്സിന്റെ ആഴം കൂട്ടുക, അകലെയല്ലാതായി കുഴൽകിണർ സ്ഥാപിക്കുക എന്നീ സാധ്യതകൾ പരിശോധിക്കാതെ **700** മീറ്ററകലെയുള്ള കുടിവെള്ള സ്രോതസ്സ് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചതിലൂടെ വലിയൊരു തുകയാണ് വിനിയോഗിക്കേണ്ടി വന്നിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-18 സൈറ്റ് അളവുകളിൽ വ്യത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നിടിയപറമ്പിൽ അച്ചാറമ്പത്ത് റോഡ് വെള്ളക്കെട്ട് ഒഴിവാക്കൽ എന്ന പദ്ധതിയുടെ **(പ്രൊ.നം- 24/23)** എം ബുക്ക് പ്രകാരമുള്ള അളവുകളും സൈറ്റ് അളവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിലുള്ള ടാർ റോഡ് **Scarify** ചെയ്ത് **7.5 Cm** കനത്തിൽ ജി.എസ്.ബി ചെയ്ത് **11.4.3.1** പ്രകാരം **15 Cm** കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എം ബുക്ക് പ്രകാരമുള്ള അളവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് (LxBxD) | അനുവദിച്ച തുക |
|---|---|---|
| Scarifying (3.1) | 27.5x3x- = 82.5 M2 | 2316.6 |
| GSB (4.11.2) | 27.5x(4.3+3.7)/2 X.075= 8.25 M3 -2.4 (Scarified Material )=5.85 | 7774.82 |
| Concrete (11.4.3.1 ) | 27.5x(4.3+3.7)/2 X.15= 16.5 | 105948.17 |

എം ബുക്ക് പ്രകാരമുള്ള അളവുകൾ കരാർ അളവിന്റെ പരമാവധി **5%** ത്തിൽ അധികരിച്ച് നിജപ്പെടുത്തിയിട്ടുണ്ട്. **03.10.23** തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ സൈറ്റ് അളവുകൾ എം ബുക്കിലെ അളവുകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു.

എം ബുക്ക് പ്രകാരം **27.5** മീ നീളത്തിൽ **(4.3+3.7)/2** ശരാശരി വീതിയിൽ **15** സെ.മീ ആഴത്തിലുമാണ് കോൺക്രീറ്റ് നിർവ്വഹിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥലപരിശോധനയിൽ റോഡിന്റെ ക്യാരേജ് വേ, ഷോൾഡർ ഉൾപ്പെടെ പരമാവധി വീതി **4.3** മീ മാത്രമാണ്. ചെയിനേജിന്റെ തുടക്കത്തിൽ **2.8** മീ വീതിയിലാണ് കോൺക്രീറ്റ് നിലവിലുള്ളത്. റോഡിന്റെ ഒരു വശത്ത് ജൽജീവൻ മിഷന്റെ ഭാഗമായി റോഡ് കട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കട്ട് ചെയ്തതിന്റെ വീതി പരമാവധി **60** സെ.മീ മാത്രമാണ്. ആയത് പരിഗണിച്ചാൽ പോലും **3.4** മുതൽ **3.6** വരെ വീതിയെ ക്യാരേജ് വേയ്ക്ക് ലഭ്യമാവുകയുള്ളൂ. എന്നാൽ എം ബുക്ക് പ്രകാരം ശരാശരി വീതിയായി രേഖപ്പെടുത്തിയത് **4** മീറ്ററാണ്.

കട്ട് ചെയ്ത ഭാഗത്തെ കോൺക്രീറ്റ് പരിശോധിച്ചതിൽ **15 Cm** ആഴത്തിൽ കോൺക്രീറ്റ് ചെയ്തിട്ടില്ലെന്നത് വ്യക്തമാണ്. **10 Cm** ആഴത്തിനുള്ളിൽ വലിയ കല്ലുകൾ കോൺക്രീറ്റിനുള്ളിൽ ഉൾപ്പെട്ടതായും ദൃശ്യമാണ്. **11.4.3.1** പ്രകാരമുള്ള കോൺക്രീറ്റിൽ **40 Mm, 20 Mm , 10 Mm Agragate** ആണ് ഉപയോഗിക്കുന്നത്. എന്നാൽ വലുപ്പമുള്ള **(**ക്വാറി മക്കിലുള്ളതിന് സമാനമായ**)** കല്ലുകൾ **10** സെ.മീ കനത്തിനുള്ളിൽ കോൺക്രീറ്റിനുള്ളിൽ മിക്സായി കിടക്കുന്നത് സൈറ്റിൽ ദൃശ്യമാണ്. **15 Cm** കനത്തിൽ കോൺക്രീറ്റ് ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയ സാഹചര്യത്തിൽ ഇത്തരത്തിൽ വലിയ കല്ലുകൾ കാണപ്പെട്ടതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. ചിത്രം ചുവടെ ചേർക്കുന്നു.



. ജൽജീവൻ മിഷനുമായി കരാറിലേർപ്പെട്ടതിന് ശേഷമാണ് പ്രവൃത്തി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളത്. ജൽജീവൻ മിഷന്റെ ഭാഗമായി റോഡ് കട്ട് ചെയ്യേണ്ട സാഹചര്യം നിലനിൽക്കെ പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജൽജീവൻ മിഷന്റെ ഭാഗമായി റോഡിന്റെ ഒരു വശം കോൺക്രീറ്റിനോട് ചേർന്ന് കട്ട് ചെയ്തതിനാൽ റോഡിന്റെ യഥാർത്ഥ വീതി കണക്കാക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല . യഥാർത്ഥത്തിൽ നിർവ്വഹണം നടത്തിയ അളവിനേക്കാൾ കൂടുതൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് അധിക തുക അനുവദിച്ചിട്ടുണ്ടെന്ന് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇക്കാര്യത്തിൽ മറുപടി നൽകേണ്ടതുണ്ട്. മറുപടി അടിയന്തിരമായി ലഭ്യമാക്കാത്തപക്ഷം മന:പൂർവ്വമുള്ള വീഴ്ചയായി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. റോഡിന്റെ വീതി, നിർവ്വഹിച്ച ഇനങ്ങളുടെ അളവ് , കോൺക്രീറ്റിന്റെ കനം എന്നിവ പരിശോധിച്ച് രേഖകൾ സഹിതം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപാകതകളുടെ സാഹചര്യത്തിൽ ചെലവ് തുക 123946/- തടസ്സപ്പെടുത്തുന്നു.

## 1-19 പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ല

ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ ഭരണസമിതിയുടെ തീരുമാനങ്ങൾ യോഗം നടന്നതിന് ശേഷമുള്ള തുടർ യോഗങ്ങളിൽ അവലോകനം ചെയ്യുന്നില്ല എന്ന് കാണുന്നു. അതുകൊണ്ട് തന്നെ യോഗതീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഭരണസമിതിയിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കാത്തതിനുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| തിയ്യതി | അജണ്ട | തീരുമാനം നമ്പർ | തീരുമാനം/നിലവിലെ സ്ഥിതി |
|---|---|---|---|
| 5/3/2022 | 18 | 1 | ചുവടെ ചേർത്ത 12 റോഡുകൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സമർപ്പിച്ച കത്ത് പരിഗണിച്ച |

തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡിന്റെ പേര് |
|---|---|---|
| 1 | പരവൻറെ വളപ്പിൽ കോഴിപ്പുറത്ത് റോഡ് | 1 7 |
| 2 | തേറമ്പത്ത് മീത്തൽ പുത്തലത്ത് റോഡ് | 13 |
| 3 | മണ്ണാംകണ്ടിമുക്ക് കുന്നമ്പത്ത് ക്ഷേത്രം | 9 |
| 4 | കാഞ്ഞിരോട്ട് മുക്ക് ആച്ചേരിതോട് ബണ്ട് | 9 |
| 5 | തയ്യിൽ ക്ഷേത്രം ചാലിൽ പടിക്കൽ ക്ഷേത്രം | 9 |
| 6 | മഠത്തിലാട്ട് മുക്ക് താഴെ നടുവിലക്കണ്ടി | |
| 7 | ശിശുമന്ദിരം സബ്സെൻറർ റോഡ് | |
| 8 | ചാത്തംപറമ്പത്ത് മുക്ക് കല്ലിട്ടൊടി പാടശേഖരം റോഡ് | |
| 9 | തയ്യിൽ ക്ഷേത്രം തയ്യിൽകുനി | |

| | | | | |
|---|---|---|---|---|
| | | | | റോഡ്<br>10 ഹൈസ്കൂൾ റോഡ് ഒറോകുന്നമ്മൽ ഫുട്പാത്ത്<br>11 നാഗത്താംകാവ് ഒറ്റപ്പുര റോഡ്<br>12 നടേരിക്കടവ് സ്കൂൾ മണ്ണാറക്കൽ കനാൽ ഫുട്പാത്ത്<br>ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല . |
| | 02/02/2022 | - | 6 | ആയുർവേദ ആശുപത്രി കോമ്പൗണ്ടിൽ കിണർ നിർമ്മാണം പദ്ധതിയുടെ ഭാഗമായി ലഭിച്ച Blasted Rubble ലേലം ചെയ്യുന്നതിന് അസിസ്റ്റൻറ് എഞ്ചിനീയർ സമർപ്പിച്ച താഴെ ചേർത്ത പ്രകാരമുള്ള വാല്യേഷൻ റിപ്പോർട്ട് അംഗീകരിച്ചു, ലേല നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു. ലേലം നടന്നിട്ടില്ല . |
| | 30/03/2022 | 9 | 1 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിലെ വസ്തുവകകളിൽ നിന്നുള്ള മേലനുഭ വം ലേലം ചെയ്തത് താഴെ ചേർത്ത പ്രകാരം അംഗീകരിച്ചു.<br>1)ചാലിൽ മുക്ക് തെങ്ങുകളിലെ മേലനുഭവം - 1510/- രൂപ ബാബുരാജ് മണപ്പാട്ടിൽ<br>2)പഞ്ചായത്ത് ഓഫീസ് തെങ്ങുകളിലെ മേലനുഭവം - 6000/- ബാബുരാജ് മണപ്പാട്ടിൽ<br>3)ശിശുമന്ദിരം സൈറ്റിലെ തെങ്ങുകളിലെ മേലനുഭവം - 5500/- കുഞ്ഞിപരീദ് കെ കെ |

| | | | |
|---|---|---|---|
| | | | കോറോത്ത്കണ്ടി<br>മേൽ പ്രകാരം അംഗീകരിച്ച ലേലത്തിന്റെ വരവ് ലേല രജിസ്റ്ററിലും വാർഷിക കണക്കിലും വരവായി ഉൾപ്പെടുത്തിയിട്ടില്ല . ആയതു കൊണ്ട് തന്നെ ലേല സംഖ്യ വരവ് വന്നതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല . |

മേൽ പ്രകാരമുള്ള തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല. തീരുമാനങ്ങൾ തുടർന്നുള്ള യോഗങ്ങളിൽ അവലോകനം ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2022-23 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

2022-23 വർഷം സംയുക്ത പ്രൊജക്റ്റുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 |
| | 150000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 150000 |
| | 140000 | നെൽകൃഷി പ്രോത്സാഹന പദ്ധതി | 140000 |
| | 172950 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർപ്പ്, യാത്രാബത്ത, യൂണിഫോം, പഠനോപകരണ ങ്ങൾ ,പഠനയാത്ര | 172950 |
| | ആകെ തുക | | 762950 |
| ജില്ലാ പഞ്ചായത്ത് | 120000 | നെൽകൃഷി പ്രോത്സാഹന പദ്ധതി | 120000 |
| | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 |
| | 57650 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർപ്പ്, യാത്രാബത്ത . യൂണിഫോം, പഠനോ പകരണങ്ങൾ , പഠനയാത്ര | 57650 |
| | 1180000 | ലൈഫ് ഭവനം (പട്ടികജാതി) | 1180000 |
| | 50000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50000 |
| ആകെ തുക | | | 1507650 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റുന്നതിനുള്ള ഡെപ്പോസിറ്റ് | 222100166 17.06.22 | 30107 | 0 | 30107 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ വായ്പ ഇല്ല എന്നാണ് രേഖപ്പെടുത്തിയത് .വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ. (എം എസ്) നം 68/2018/ ത.സ്വ ഭ വ തിയതി 18-05-2018 | - | 8921896 | 1184027 | - | 7737869 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 27(a) | 2003-04 (പൊതു പരാമർശം) | 11.13.7.7 | നികുതി പിരിവിൽ അലംഭാവം | |
| 1999-00 | | 2003-04 | 11.14 | ഭവന നിർമ്മാണം-പട്ടികജാതി | |
| | | 2012-13 | 3.4.5.19 | തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ കാർഡ് വിതരണം | |
| | | | 3.4.5 | തൊഴിലിന് അപേക്ഷിക്കൽ-തൊഴിൽ ലഭ്യമാക്കൽ-MNREGS | |
| | | | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | |
| | | | 3.4.5.10 | വേതന | |

| | | | | | |
|---|---|---|---|---|---|
| | | | | വിതരണ ത്തിലെ കാലതാമസം | |
| | | | 3.4.5.17 | തൊഴിലുറപ്പ് പദ്ധ തി പ്രകാരം തസ്തി കകൾ സൃഷ്ടിച്ചില്ല. | |
| | | | 3.4.5.13 | ജാഗ്രത മേൽനോട്ട കമ്മിറ്റി തൃപ്തികരമല്ല | |
| | | 2014-15 (അവലോ കനം) | 4.3.2 | 60 വയസ്സ് പൂർത്തി യാകാത്തവർക്ക് പെൻഷൻ | |
| 2019-20 | 1-17,1-18 | 2020-21 | അനുബന്ധം-2-1.59 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | |
| 2019-20 | 1-7-1 | 2020-21 | അനുബന്ധം- 1-1 | പെൻഷൻ അപേക്ഷകൾ | |
| 2019-20 | 1-15 | 2020-21 | അനുബന്ധം- 1-15 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | |

**4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 24447444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22125622 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2075555 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 1,00,000 | ശ്രീ അൻസാർ.കെ<br>സെക്രട്ടറി |
| 1-11 | 1782085 | ശ്രീ മൊയ്തീൻഷാ എൻ.കെ.<br>കൃഷി ഓഫീസർ |
| 1-12 | 49124 | ഡോ.ലവീന.ടി.ടി<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) |
| 1-13 | 20400 | ഡോ.ശ്രീരാഖി.എ.എൽ<br>വെറ്ററിനറി സർജൻ |
| 1-18 | 123946 | ശ്രീ മുഹമ്മദ് ഇസ്മയിൽ കെ.ടി<br>അസിസ്റ്റന്റ് എഞ്ചിനീയർ |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ മുഹമ്മദ് ഇസ്മയിൽ കെ.ടി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | എസ്.എ.കെ.എൻ. വീട്, ചെറുവണ്ണൂർ .പി.ഒ. |
| ഡോ.ശ്രീരാഖി എ.എൽ | വെറ്ററിനറി സർജൻ അരിക്കുളം ഗ്രാമ പഞ്ചായത്ത് | നീലാംബരി (വീട്),കാവിൽ .പി.ഒ. നടുവണ്ണൂർ |
| ഡോ.ലവീന.ടി.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) പുളിക്കൽ ഗ്രാമ പഞ്ചായത്ത് | താഴെ പുള്ളിക്കണ്ടി വീട്, മാങ്കാവ് (പി.ഒ) കോഴിക്കോട് |
| അൻസാർ കെ | സെക്രട്ടറി കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | കുന്നത്ത് വീട് , പയ്യോളി അങ്ങാടി പി.ഒ |
| ശ്രീ മൊയ്തീൻഷാ എൻ.കെ. | കൃഷി ഓഫീസർ കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | നെല്ലിക്കാം കണ്ടി, കക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1315/2018 തീയതി-01.08.2018 | 2 | 30(1), (2) |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/ പി5/ 805/2022 തീയതി 19.04.2023 | 2 | 27(എ), 38 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി5 /805/2022തീ. 19.04.2023 | 2 | 2-3,3-10 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/ 1315/2018(8)തീ. 01.08.2018 | 1 | 3-9 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി5 / 805/22 തീയതി 19.04.2023 | 2 | 3-2, 3-4, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./ പി2/ 673(4)/2022 തീയതി 27.09.2022 | 2 | 2-3, 3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./ പി2/ 673(5)/2022 തീയതി 27.09.2022 | 7 | 2-8,3-1, 3-2, 3-3(6), 3-8, 3-14, 4-9 |
| 2017-18 | കെ.എസ്.എ.കെ.ഡി./പി5 / 148/2022 തിയതി-19.04.2023 | 16 | 2-1, 2-2, 3-3(2), 3-7,3-8, 3-9, 3-11,3-12,3-13, 3-14, 3-17 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./ പി5/ 148/22 തിയതി-19.04.23 | 2 | 1-6, 1-5 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./ പി5/ 1271/2021 തിയതി-17.01.22 | 10 | 1-2(5), 1-4(1), 1-7-1 (സമാഹൃതം), 1-9, 1-11, 1-12, 1-13,1-14, 1-15(സമാഹൃതം), 1-16, 1-17(സമാഹൃതം), 1-18 (സമാഹൃതം), 1-19 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./ പി5/ 1350/2022 തിയതി 16.07.22 | 37 | 1-1 To 1-37 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./ പി5/ 2340/2022 തിയതി 27.05.23 | 9 | 1-1,1-2,1-4(1), 1-8,1-9,1-11, 1-14,1-18,1-22 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 30-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Keezhariyur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Keezhariyur Grama Panchayat for the year 2022-2023

**Date: 08/11/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Keezhariyur Grama Panchayat for the Year 2022-2023.

### 1.Major Observations

The Mandatory financial statements , Comments relating to notes to accounts prescribed in Accounting Rules are not submitted for audit

Comments relating to payment vouchers -Non-Disclosure of Assets.

## 2.Other Observations

1.Cashflow statement-Net increase/ Decrease in cashflow does not match with the difference between the opening balance and
closing balance of cash and cash equivalents .

2.Directly Debited by bank-further action not taken for the Account opened for Ownfund having Account No 40223100106837

3Comments relating toReceipt vouchers -

4.Misclassification of Receipt Voucher

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്